പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *176 — 10.03.2020 ൽ മറുപടിയ്ക്ക്

## ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള പോലീസ് ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നോ; ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കാൻ 05/10/2018 തീയതിയിൽ GO (MS) 155/2018/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് ഗതാഗത നിയന്ത്രണത്തിനും, എൻഫോഴ്സ്മെന്റിനും വലിയതോതിലുള്ള മനുഷ്യവിഭവശേഷി ഉപയോഗിക്കേണ്ടതായി വരുന്നുണ്ടെങ്കിലും വാഹനപ്പെരുപ്പം കണക്കാക്കിയാൽ ഇത് അപര്യാപ്തമാണ്. ആയതിനാൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഗതാഗത നിയന്ത്രണവും എൻഫോഴ്സ്മെന്റും നടപ്പിലാക്കേണ്ടത് സംസ്ഥാനത്തെ വാഹന യാത്രക്കാരുടെയും, പൊതുജനങ്ങളുടെയും സുരക്ഷിതത്വത്തിന് അനിവാര്യമാണ്. |
| (ബി) | ഈ പദ്ധതി പ്രകാരം സ്ഥാപിക്കുന്ന ക്യാമറ വഴി കണ്ടെത്തുന്ന ട്രാഫിക് നിയമലംഘനങ്ങളുടെ പിഴയിൽ | (ബി) യും (സി) യും | ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാരിനോ |

| | | | |
|---|---|---|---|
| | എത്ര ശതമാനം വീതം സർക്കാരിനും ക്യാമറ സ്ഥാപിക്കുന്ന കമ്പനിക്കും ലഭിക്കുമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നതെന്ന് അറിയിക്കുമോ; | | പോലീസ് വകുപ്പിനോ യാതൊരുവിധ ചെലവും, ബാധ്യതയും ഉണ്ടാകുന്നില്ല. ഈ പദ്ധതിയുടെ installation, maintenance, operation തുടങ്ങിയവയുടെ മുഴുവൻ ചെലവുകളും കരാർ നേടുന്ന കമ്പനിയാണ് വഹിക്കേണ്ടത്. |
| (സി) | പ്രസ്തുത ടെണ്ടറിൽ ഏതൊക്കെ കമ്പനികളാണ് പങ്കെടുത്തത്; അവർ ഓരോരുത്തരും നൽകിയ ഓഫർ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | | പ്രസ്തുത ടെണ്ടറിൽ കെൽട്രോൺ, സിഡ്കോ IT &TC ഡിവിഷൻ എന്നീ രണ്ട സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ ബിഡ് സമർപ്പിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികൾ പരിഷ്കരിക്കരണമെന്നും, ഈ പദ്ധതി റീ-ടെൻഡർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള സാങ്കേതിക സമിതി ചെയർമാന്റെ ശിപാർശ പ്രകാരം പ്രസ്തുത പദ്ധതി റീ ടെണ്ടർ ചെയ്യുവാനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പിഴ തുകയുടെ വിഹിതം പങ്കുവെക്കുന്ന കാര്യത്തിൽ ആ ഘട്ടത്തിൽ മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |
| (ഡി) | സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ മറവിൽ സ്വകാര്യ കമ്പനികൾക്ക് ലാഭം കൊയ്യുന്നതിനുള്ള സംവിധാനമായി ഇത് മാറുമെന്ന് ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ റദ്ദാക്കി | (ഇ) | ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പദ്ധതിക്ക് |

| | | | |
|---|---|---|---|
| | പുതിയ രാജ്യാന്തര ടെണ്ടർ വിളിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | | പുതിയ ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (എഫ്) | ടെണ്ടർ വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റം എ.ഡി.ജി.പി ടോമിൻ തച്ചങ്കരി അദ്ധ്യക്ഷനായ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഉണ്ട്. ടെണ്ടർ നടപടികൾ പരിഷ്കരിക്കണമെന്നും പദ്ധതി റീ ടെണ്ടർ ചെയ്യണമെന്നുമാണ് സാങ്കേതിക സമിതി ചെയർമാന്റെ ശുപാർശ. അനുപ്രകാരം പ്രസ്തുത പദ്ധതിയുടെ റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ